# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-492/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-492/2021 തീയ്യതി: 30/03/2021

## എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ കെ വിനോദ് | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എന്‍ വിജയകുമാര്‍, ഓഡിറ്റ് ഓഫീസര്‍ (ഹ. ഗ്രേ.)
റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസര്‍,
അനീഷ് ആര്‍, സീനിയര്‍ ഗ്രേഡ് ഓഡിറ്റര്‍

## (ബി)നിര്‍വഹണാധികാരികള്‍

| പേര് | ഔദ്യോഗിക പദവി | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| കെ എ മിനികുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സിന്ധു വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിര്‍വ്വഹണഉദ്യോഗസ്ഥര്‍

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതല്‍) | തീയതി (വരെ) |
|---|---|---|---|
| ജി അനില്‍കുമാര്‍ | അസി:സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശോഭ ജയിംസ് | എ ഇ , എല്‍ എസ് ജി ഡി | 01-04-2019 | 31-03-2020 |
| ജോബിന്‍സ് എകെ | വി ഇ ഒ ഊരമന | 01-04-2019 | 31-03-2020 |
| അനില്‍ കെ ജോസ് | വി ഇ ഒ രാമമംഗലം | 04-04-2019 | 31-03-2020 |
| മേരിമോള്‍ ജേക്കബ് | കൃഷി ഓഫീസര്‍ | 01-04-2019 | 31-03-2020 |
| ഡോ അമൃത | മെഡിക്കല്‍ ഓഫീസര്‍,ഹോമിയോ | 01-04-2019 | 25-11-2019 |
| ഡോ.ശ്രീലേഖ റ്റി വി | മെഡിക്കല്‍ ഓഫീസര്‍,ഹോമിയോ | 26-11-2019 | 20-01-2020 |
| ഡോ.റുവാന്‍ സാം വി | മെഡിക്കല്‍ ഓഫീസര്‍,ഹോമിയോ | 21-01-2020 | 31-03-2020 |
| ഡോ.അനില്‍കുമാര്‍ എന്‍ ആര്‍ | മെഡിക്കല്‍ ഓഫീസര്‍,ആയുര്‍വേദം | 01-04-2019 | 31-03-2020 |
| രാഗേഷ് എം | ഡയറി ഫാം ഇന്‍സ്ട്രക്ടര്‍ | 01-04-2019 | 31-03-2020 |
| ഡോ ഹരികുമാര്‍ എം | വെറ്ററിനറി സര്‍ജന്‍ | 01-04-2019 | 31-03-2020 |
| ഷിജി മത്തായി | ഹെഡ്മിസ്ട്രസ്,ജി എല്‍ പി എസ് രാമമംഗലം | 01-04-2019 | 30-06-2019 |
| കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ്,ജി എല്‍ പി എസ് | 01-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| | രാമമംഗലം | | |
| ആശാപോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സെബിമോൾ വർഗ്ഗീസ് | എ ഇ , എൻ ആർ ഇ ജി എസ് | 01-03-2019 | 12-02-2020 |
| രാഖി രാമചന്ദ്രൻ | എ ഇ , എൻ ആർ ഇ ജി എസ് | 13-02-2020 | 31-03-2020 |
| ഡോ. മായാദേവി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-1 |
| 2 | നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-1-1 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Aneesh R (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-3 |
| 5 | ഫണ്ടുവിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: C.M.Rasheed (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh R (Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 1-10 |
| 12 | ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-11 |
| 13 | ദുരിതാശ്വാസ നിധി - പ്രവർത്തനം ഇല്ല<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-12 |
| 14 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - നടപടികൾ കാര്യക്ഷമമല്ല.<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-13 |
| 15 | തെരുവ് വിളക്ക് വാങ്ങൽ - 60912 രൂപ അധികം നൽകി.<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-14 |
| 16 | കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കിയില്ല – പദ്ധതി തുക ലാപ്സായി | 1-15 |

| | | |
|---|---|---|
| | Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | |
| 17 | പഞ്ചായത്ത് കിണർ മൂടൽ - തുടർ നടപടി സമയബന്ധിതമായി സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-16 |
| 18 | അംഗൻവാടികൾക്ക് കളിപ്പാട്ടം- വാങ്ങൽ നടപടിയിലെ അപാകത<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-17 |
| 19 | യു.ബി.ഐ. ഹൗസിംഗ് അക്കൗണ്ട് പ്രവർത്തനരഹിതം<br>Written By: Aneesh R (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 1-18 |
| 20 | എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-19 |
| 21 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-20 |
| 22 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-21 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതൾ<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 1-22 |
| 24 | ബോധവൽക്കരണ പ്രൊജക്ട് - നിർവ്വഹണ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-23 |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെരുവ് വിളക്ക് വാങ്ങൽ - 60912 രൂപ അധികം നൽകി.<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 3-1 |
| 2 | എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 3-2 |

| | | |
|---|---|---|
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 30-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 29-03-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.02.2019ലെ 7(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2031646 |
| വരവ് | 148995000 |
| ആകെ | 151026646 |
| ചെലവ് | 150319500 |
| നീക്കിയിരിപ്പ് | 707146 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 8.02.2019 തീയതിയിൽ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 13.02.2020 ലെ 8(1) തീരുമാന പ്രകാരം അംഗീകരിക്കുകയും, അതു പ്രകാരമുള്ള വരവ് 164937393/- രൂപയും, ചെലവ് 163845847/- രൂപയുമാണ്.

### 1-1-1 നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്.

ഗ്രാമപഞ്ചായത്തിന്റെ നികുതി വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിവരം താഴെ കൊടുക്കുന്നു.

| ഇനം | 2018-19ലെ പുതുക്കിയ ബജറ്റ് | 2019-20 | | |
|---|---|---|---|---|
| | | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം(ഇൻകം സ്റ്റേറ്റ്മെന്റ് പ്രകാരം) |
| വസ്തുനികുതി | 3250000 | 2500000 | 2500000 | 2313274 |
| തൊഴിൽ നികുതി | 1650000 | 1650000 | 1650000 | 1033688 |
| ആകെ | 4900000 | 4150000 | 4150000 | 3346962 |

നികുതി വരുമാനത്തിന്റെ കാര്യത്തിൽ ബജറ്റ് എസ്റ്റിമേറ്റ് യഥാർത്ഥ വരുമാനവുമായി പൊരുത്തമില്ല എന്നു കാണുന്നു. മുൻ വർഷ ബജറ്റിൽ വകയിരുത്തിയിരുന്നതിലും കുറഞ്ഞ തുകയാണ് തൻ വർഷ ബജറ്റിൽ വസ്തു നികുതിയിനത്തിൽ വകയിരുത്തിയിട്ടുള്ളത്. നികുതി ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ, ബജറ്റ് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിഗണിക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് 110594/- രൂപ ലഭിക്കാനുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. എന്നാൽ, ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 11032903.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 47076380.00 |
| ആകെ | | 58109283.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 47709867.00 |
| നീക്കിയിരിപ്പ് | | 10399416.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 67337.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 47450.00 |

## 1-4 ഫണ്ടുവിനിയോഗം

| ഗ്രാന്റ് (അക്കൗണ്ട് ഹെഡ്) | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (160100101) | 0 | 10349000 | 10349000 | 6664461 | 3684539 | 64.40% വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-എസ്.സി.പി (160100102) | 0 | 6629000 | 6629000 | 4460867 | 2168133 | 67.30% വിനിയോഗം. ബാക്കി തുക ലാപ്സായി. |
| വികസന ഫണ്ട്-ടി.എസ്.പി (160100103) | 0 | 160000 | 160000 | 148837 | 11163 | 93% വിനിയോഗം. |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (160100104) | 0 | 2957458 | 2957458 | 2436362 | 521096 | 82.38 % വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്, റോഡ് (160100401) | 0 | 24276000 | 24276000 | 11197903 | 13078097 | 46% വിനിയോഗം. ബാക്കി തുക ലാപ്സായി. |
| മെയിന്റനൻസ്-റോഡിതരം (160100402) | 0 | 3251000 | 3251000 | 2421138 | 829862 | 74.47 % വിനിയോഗം |
| | | | | | | |
| 1. ഐസിഡിഎസ് (320100121) | 1276106 | 988771 | 2264877 | 990732 | 1274145 | |
| 2. സ്വച്ഛ് ഭാരത്മിഷൻ (320100203) | 1259100 | 0 | 1259100 | 340356 | 918744 | |
| | | | | | | |
| 1.വിമുക്തി (320200301) | 17250 | 3000 | 20250 | 0 | 20250 | |
| 2. ഫിഷറീസ് (320200203) | 1665 | 0 | 1665 | 0 | 1665 | |
| 3. ലൈബ്രറി ഗ്രാന്റ് (320300308) | 0 | 13610 | 13610 | 12673 | 937 | |
| 4. കേരളോത്സവം (320200323) | 7370 | 20000 | 27370 | 20000 | 7370 | |
| 5. സാക്ഷരത (320200309) | 4229 | 147 | 4376 | 0 | 4376 | |

| | | | | | | |
|---|---|---|---|---|---|---|
| 1.സാനിറ്റേഷൻ (320300103) | 553950 | 0 | 553950 | 0 | 553950 | |
| 2.കുടുംബശ്രീ/ബഡ്സ് സ്കൂൾ (320300199) | 200000 | 0 | 200000 | 0 | 200000 | |
| 3. ഭവനനിധി | 197 | 0 | 197 | 0 | 197 | |
| 4. ആരോഗ്യജാഗ്രത അവാർഡ് (320900399) | 200000 | 0 | 200000 | 0 | 200000 | |
| 5. നെൽ കർഷകർക്ക് ഇൻസെന്റീവ് | 0 | 134244 | 134244 | 134244 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 75689511 | 106 | 34146592 | 58 | 28 | 55.20% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2416 | 1053683 | 1056099 | 1029023 | 27076 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 19407000 | 19407000 | 19407000 | -- |
| ആകെ | 2416 | 20460683 | 20463099 | 20436023 | 27076 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25200 | 29 |
| കർഷകത്തൊഴിലാളി പെൻഷൻ | 1855200 | 642 |
| വിധവാപെൻഷൻ | 2827800 | 967 |
| വാർദ്ധക്യകാല പെൻഷൻ | 6161400 | 2076 |
| വികലാംഗ പെൻഷൻ | 964100 | 324 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 60000 | 2 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 259200 | 86 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25400/- രൂപയുടെ കുറവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിന്റെ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1)ലൈസൻസ്

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിരക്കിന്റെ പട്ടിക തയ്യാറാക്കി കമ്മറ്റി അംഗീകരിച്ച് 2019-20ലേക്കുള്ള ലൈസൻസ് പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നത്.

2)ഡിമാന്റ് രജിസ്റ്ററുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. വസ്തു നികുതി,തൊഴിൽ നികുതി, വാടക എന്നിവയുടെ പിരിവ് 100% ആണ്.

3)ഓഫീസ് പ്രവർത്തനാവലോകനം കാര്യക്ഷമമല്ല

ഓഫീസ് മീറ്റിംഗുകൾ മിക്കവാറും കൃത്യമായ ഇടവേളകളിൽ കൂടി ഓഫീസ് പ്രവർത്തനാവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്ഷനിലേയ്ക്ക് നല്കുന്നുണ്ടെങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല എന്നതിനാൽ ലഭിച്ച തപാലുകൾ തീർപ്പാക്കിയോ എന്നറിയാൻ സാധ്യമല്ല. തപാലുകളുടെ തുടർനടപടികളുടെ കൃത്യതയും, സുതാര്യതയും ഉറപ്പാക്കാൻ സൂചിക എന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നുണ്ട്.

4) ആസ്തികളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പഞ്ചായത്ത് കിണർ മൂടൽ സംബന്ധിച്ച പരാമർശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

5) മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. അസി:സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഭംഗിയായി നടത്തി റിപ്പോർട്ട് എല്ലാ പ്രൊജക്ടിനോടൊപ്പവും സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ഇപ്രകാരം മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2020 | 01.02.2020 മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2016 മുതൽ 08.02.2016 | 2010-11 മുതൽ 2014-15 വരെ | 06.03.2016 |

## 1-11 ഗ്രാമസഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ മൂന്ന് തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ആഗസ്റ്റ് | 1. ജലസംരക്ഷണ പ്രവർത്തനങ്ങൾ നിർദ്ദേശം.<br>2. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് 19-20 വർഷത്തെ പട്ടിക ജാതി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ. |
| 2 | 2019 ഡിസംബർ | 1. തൊഴിലുറപ്പ് പദ്ധതി 2020-21 ആക്ഷൻ പ്ലാൻ അംഗീകരിക്കൽ. |
| 3 | 2020 ഫെബ്രുവരി | 1. 2020-21 വാർഷിക പദ്ധതി<br>2. 2019-20 വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ദുരിതാശ്വാസ നിധി – പ്രവർത്തനം ഇല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. രാമമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ സർവ്വീസ് സഹകരണ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 3321) 2016-17 മുതൽ നാളിതുവരെ ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2020) നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 6402/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്തിൽ മണൽ വാരൽ നിലനിന്നിരുന്ന കാലയളവിൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക സ്വരൂപിച്ചിരുന്നതായും നിലവിൽ ടി ഇനത്തിൽ വരവ് ലഭിക്കാത്തതായും, ദുരിതാശ്വാസ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടില്ലാത്തതായും

സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ - നടപടികൾ കാര്യക്ഷമമല്ല.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 19-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രകൃതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് യോഗം 31.10.2018 ൽ ചേർന്നിട്ടുണ്ട്. പ്രളയ ദുരന്ത നിവാരണത്തിനു വേണ്ടി ഒരു ദ്രുത കർമ്മ സേന രൂപീകരിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും ആയത് രൂപീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് വർഷം ഇതുമായി ബന്ധപ്പെട്ട് 9.1.20, 29.2.20 തീയതികളിൽ യോഗം കൂടിയിട്ടുണ്ടെങ്കിലും ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ദുരന്തമാനേജ്മെന്റ് പ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തെരുവ് വിളക്ക് വാങ്ങൽ - 60912 രൂപ അധികം നൽകി.

| | |
|---|---|
| പ്രൊജക്ട് | തെരുവ് വിളക്ക് വാങ്ങൽ |
| പ്രൊജക്ട് നം, അംഗീകാരം | 1.സ്പിൽ ഓവർ S0126/20,<br>2.S0025/19,F/2020/18/DDP 03.05.2018, ഡി ഡി പി എറണാകുളം |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് -<br>399312 രൂപ |
| ചെലവ് | 399312 രൂപ<br>ട്രഷറി ബിൽ നം 4/5.7.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിന് 2018-19 ൽ ആവിഷ്കരിച്ച പ്രൊജക്ട് നടപ്പാക്കിയത് 2019-20 ൽ ആണ്. ടെണ്ടർ നടപടിയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യം | നം സി2-365/18/19/29.09.2018 |
| കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ | കെ വി സ്കറിയ |
| കമ്മറ്റി തീരുമാനം | 05.11.2018 ലെ 1(1) |
| എഗ്രിമെന്റ് നം/ തീയതി | നം ഇല്ല/22.11.2018 |
| അംഗീകരിച്ച നിരക്ക് | 15 Watt LED – 2600/-<br>30 Watt LED - 3200/- |

126 ബൾബുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന് കരാറുകാരൻ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ( ബിൽ നം/ തീയതി ഇല്ല) താഴെ പറയും പ്രകാരം 399312 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ | ഇനം | എണ്ണം | തുക (നികുതി ഉൾപ്പെടെ) |
|---|---|---|---|

| | | | |
|---|---|---|---|
| നം | | | |
| 1 | 15 Watt LED | 108 | 280800 (2600X108) |
| 2 | 30 Watt LED | 18 | 57600 (3200X18) |
| 3 | ജി എസ് റ്റി | 18% | 60912 |
| ആകെ | | | 399312 |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1) 17.03.2021 ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

ജി.എസ്.റ്റി., മറ്റു നികുതികൾ, ചെലവുകൾ എന്നിവ ഉൾപ്പെടുന്ന തുകയാണ് രേഖപ്പെടുത്തേണ്ടതെന്ന് ടെണ്ടർ നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് കൂടാതെ കരാറുകാരനുമായി ഒപ്പ് വെച്ച എഗ്രിമെന്റിലും നികുതികൾ ഉൾപ്പെടെയുള്ള തുകയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ 60912/- രൂപ ജി എസ് റ്റി ഇനത്തിൽ നൽകിയിട്ടുള്ളതായി കാണുന്നു. അധിക തുക നൽകിയത് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചു.

## 1-15 കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കിയില്ല - പദ്ധതി തുക ലാപ്സായി

| | |
|---|---|
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| പ്രവൃത്തിയുടെ പേര് | കരിമ്പനാൽ താഴം പൊട്ടേൽ താഴം റോഡ് റീടാറിംഗ് |
| പ്രോജക്ട് നമ്പർ | 144/18, 177/19 |
| കരാറുകാരൻ | ശ്രീ.ബേസിൽ.കെ.ഡേവിഡ് |
| കരാർ തീയതി | 9.3.2018 |
| അടങ്കൽ തുക | 580000/- |
| എഗ്രീഡ് പി.എ.സി | 578614 |
| അളവ് ബുക്ക് | 54/17-18, 22/19-20 |
| പ്രവൃത്തിമൂല്യം | 457116/- |
| ബിൽ. നമ്പർ | 23/25.9.2018 - 457116/- |

2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കരിമ്പനാൽ താഴം പൊട്ടേൽ താഴം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയ്ക്കായി ഏറ്റവും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ശ്രീ. ബേസിൽ. കെ. ഡേവിഡിന്റെ ടെണ്ടർ അംഗീകരിക്കുകയും 9.3.2018 ൽ കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. ഹാജരാക്കിയ അളവ് ബുക്ക് പരിശോധിച്ചതിൽ 14.3.2018 ൽ പ്രവൃത്തികൾ ആരംഭിക്കുകയും 7.5.2018 ൽ അവസാന അളവുകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു. അംഗീകാരിച്ച നല്കിയ എസ്റ്റിമേറ്റിലെ റീടാറിംഗ് പ്രവൃത്തി ഒഴിവാക്കിയും, എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായ രീതിയിലുമാണ് പ്രവൃത്തി ഭാഗികമായി ചെയ്ത് പാർട്ട് ബിൽ നൽകിയിട്ടുള്ളത്.

പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ ഒരു ഭാഗം ഇടിയുകയും ആ ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതായും, കൂടുതൽ ഭാഗം ഐറിഷ് ഡ്രെയിൻ നിർമ്മിക്കേണ്ടതായും വന്നുവെന്നും ആയതിനാൽ അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകണമെന്നുമുള്ള അസി.എഞ്ചിനിയറുടെ 30.7.2018 ലെ കത്തിന്റെ അടിസ്ഥാനത്തിൽ 23.8.2018 ലെ 3(4) കമ്മറ്റി തീരുമാന പ്രകാരം അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നൽകിയിട്ടുണ്ട്.

തുടർന്ന് 8.8.2019 ൽ അസി.എഞ്ചിനിയർ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം റീടാറിംഗ് പ്രവൃത്തി നടത്തുവാൻ സാധിച്ചില്ലെന്നും ആയതിനാൽ നിലവിലെ സ്ഥിതിയിൽ

പ്രവൃത്തി അവസാനിപ്പിച്ച് കരാറുകാരന് റീടെൻഷൻ തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 24.8.2019 ലെ 1(9) നമ്പർ തീരുമാന പ്രകാരം പ്രവൃത്തി അവസാനിപ്പിച്ച് റീടെൻഷൻ തുക തിരികെ നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. പ്രവൃത്തി ആരംഭിച്ചപ്പോൾ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ആവശ്യകത ബോദ്ധ്യമായിട്ടും ആയത് തയ്യാറാക്കാതെ എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായ രീതിയിൽ പ്രവൃത്തി ചെയ്തതിനുശേഷം കരാറുകാരൻ ചെയ്ത പ്രവൃത്തിയ്ക്കനുസൃതമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. 23.8.2018 ലാണ് റീവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നാൽ 7.5.2018 ൽ തന്നെ കരാറുകാരൻ പ്രവൃത്തി അവസാനിപ്പിച്ചിരുന്നു.

2. 23.8.2018 ൽ തയ്യാറാക്കി നൽകിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 121334/- രൂപ റീടാറിംഗ് പ്രവൃത്തികൾക്കായി വകയിരുത്തിയിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 18-19 സാമ്പത്തിക വർഷത്തിൽ തന്നെ 7 മാസത്തിലധികം സമയവും, ആവശ്യത്തിന് ഫണ്ടും ഉണ്ടായിരിക്കെ 7.5.2018 നു ശേഷം കരാറുകാരൻ യാതൊരു വിധ പ്രവൃത്തികളും ചെയ്തിരുന്നില്ല. ഇത്തരത്തിൽ കരാറുകാരന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥ മൂലം പ്രവൃത്തി പൂർത്തീകരിക്കാതെ ഫണ്ട് നഷ്ടപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കരാറുകരനെതിരെ യാതൊരുവിധ നിയമനടപടികളും സ്വീകരിക്കാതെ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി റദ്ദു ചെയ്യുവാൻ അസി.എഞ്ചിനിയർ കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്തത് തികച്ചും ക്രമ വിരുദ്ധമായ നടപടിയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടി ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ടി വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 പഞ്ചായത്ത് കിണർ മൂടൽ - തുടർ നടപടി സമയബന്ധിതമായി സ്വീകരിക്കണം

പഞ്ചായത്തിലെ പൊതുകിണർ മണ്ണിട്ട് മൂടിയത് സംബന്ധിച്ച് നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ കിണർ ഉപയോഗയോഗ്യമാക്കുന്നതിന് ബഹു:ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു. നടപടികളുടെ നാൾ വഴി താഴെ ചേർക്കുന്നു.

1.പഞ്ചായത്തിന്റെ ആറാം വാർഡിൽ കിഴുമുറികരയിലെ പൊതുകിണർ മണ്ണിട്ട് മൂടിയത് സംബന്ധിച്ച് ശ്രീ.സാജൻ,കിഴുമുറി പരാതി നൽകി.

2.ശ്രീ.സാജൻ ബഹു:ഹൈക്കോടതിയിൽ WP(C)No.18402/2020(A) പ്രകാരം ഹർജി നൽകി.

3.കിണർ പുനസ്ഥാപിക്കണമെന്നും കിണർ നശിക്കാൻ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു:ഹൈക്കോടതി 16.9.2020 ന് വിധി പുറപ്പെടുവിച്ചു.

ബഹു:ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 10.03.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7) നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.ബഹു:ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.ശിവശങ്കരൻ, കോഴിപ്പിള്ളിൽ വീട്, സിബി സജി, കണിയമ്പുറത്ത് വീട് എന്നിവർക്ക് കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 257 പ്രകാരം പഞ്ചായത്ത് പിഴ ചുമത്തിയിരുന്നു. എന്നാൽ തങ്ങൾ കിണർ മണ്ണിട്ട് മൂടിയിട്ടില്ല എന്ന്

കാണിച്ച് ടി ആളുകൾ 30.12.2020 ന് കത്ത് നൽകിയിട്ടുണ്ട്. കിണർ മൂടിയതിന് ടിയാളുകളെ ഉത്തരവാദികളായി പഞ്ചായത്ത് നിശ്ചയിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് ബഹു:ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് ഉത്തരവാദികളെ നിശ്ചയിച്ചത് എന്ന് അറിയിച്ചു. ബഹു:ഹൈക്കോടതിയുടെ ഉത്തരവിൽ ഉത്തരവാദികളുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഉത്തരവാദികളെ നിയമാനുസൃതം കണ്ടെത്തി ബഹു:ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ 17.12.2020 ലെ സി4-1968/19 കത്ത് പ്രകാരം 15 ദിവസത്തിനകം പിഴ തുക പഞ്ചായത്ത് ഓഫീസിൽ അടക്കണമെന്നാണ് ശ്രീ ശിവശങ്കരൻ, സിബി സജി എന്നിവരോട് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാളുകൾ സമയബന്ധിതമായി പിഴതുക ഒടുക്കിയിട്ടില്ല എന്ന് മറുപടിയിൽ അറിയിച്ചു.

3. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പേജ് നം 37 ൽ ക്രമ നം 53 പ്രകാരം ഉൾപ്പെട്ടിട്ടുള്ള കിണർ മൂടൽ സംബന്ധിച്ച് വിവരം ലഭിച്ചിട്ടും പഞ്ചായത്ത് പോലീസിൽ പരാതി നൽകിയിട്ടില്ല.

4.1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതുവായതോ സ്വകാര്യമായതോ ആയ നീരുറവകൾ, കുളങ്ങൾ, കിണറുകൾ മറ്റു ജലമാർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗ നിയന്ത്രണവും നിരോധനവും) ചട്ടങ്ങൾ, ബഹു:ഹൈക്കോടതി ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥലം ഡീമാർക്ക് ചെയ്ത് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചു.

പഞ്ചായത്ത് ഉത്തരവാദിയായി നിശ്ചയിച്ച വ്യക്തികളുടെ മറുപടിയുടെ അടിസ്ഥാനത്തിലും ഇതര റവന്യൂ നടപടികളുടെ അടിസ്ഥാനത്തിലും ബഹു:ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 അംഗൻവാടികൾക്ക് കളിപ്പാട്ടം- വാങ്ങൽ നടപടിയിലെ അപാകത

| | |
|---|---|
| പ്രൊജക്ട് | അംഗൻവാടികൾക്ക് കളിപ്പാട്ടം വാങ്ങൽ |
| പ്രൊജക്ട് നം, അംഗീകാരം | S0202/19-20<br>Icds/Rmglm/3/2019/26.06.2019, CDPC |
| അടങ്കൽ | റോഡിതരം -<br>100000/- രൂപ |
| ചെലവ് | 1. 85464/- രൂപ<br>ട്രഷറി ബിൽ നം 11/20.2.2020<br>2. 14535/-<br>ട്രഷറി ബിൽ നം 15/17.3.2020<br>ആകെ -99999/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പ്രൊജക്ടിന്റെ ടെണ്ടർ നടപടികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യം | നം സി 2-365/2019/1.11.2019 |
| കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം | ഡി & ഡി ഡിസ്ട്രിബ്യൂട്ടേഴ്സ് കോട്ടയം |
| കമ്മറ്റി തീരുമാനം | 02.12.2019 ലെ 3 |
| ക്വട്ടേഷൻ ക്ഷണിച്ച കളിപ്പാട്ടങ്ങൾ | 1.ജൂനിയർ സ്ലൈഡ്<br>2.ജൂനിയർ റോക്കർ |
| അംഗീകരിച്ച നിരക്ക് (നികുതികൾ ഉൾപ്പെടെ) | 1.ജൂനിയർ സ്ലൈഡ് - 3337/-<br>2.ജൂനിയർ റോക്കർ - 1411/- |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് 9.3.2021 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) 10.3.2021 ന് സമർപ്പിച്ച മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1. ഡി & ഡി ഡിസ്ട്രിബ്യൂട്ടേഴ്സുമായി കരാർ ഒപ്പ് വെക്കുന്നതിന് 02.12.2019 ലെ (3) കമ്മറ്റി തീരുമാന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടില്ല. എഗ്രിമെന്റ് പേപ്പർ വാങ്ങിയിരുന്നെങ്കിലും എഴുതി തയ്യാറാക്കാൻ വിട്ടുപോയതാണെന്ന് മറുപടി നൽകി. എന്നാൽ ലഭ്യമാക്കിയ എഗ്രിമെന്റ് പേപ്പർ പ്രിലിമിനറി എഗ്രിമെന്റിന്റേതാണ്.

2. രണ്ട് ഇനം കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത് എന്നാൽ താഴെ പറയും പ്രകാരം നാലിനം കളിപ്പാട്ടങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | ബിൽ നം/ഇൻവോയ്സ് നം | തുക |
|---|---|---|---|---|
| 1 | സ്ലൈഡർ | 17 | 008/6.1.2020 | 56729 |
| 2 | റോക്കർ | 17 | | 23987 |
| 3 | റെറ്റർ ടോട്ടർ | 1 | | 4748 |
| 4 | ബിൽഡിംഗ് ബ്ലോക്ക് | 1 | 015/13.3.2020 | 14535 |
| ആകെ | | | | 99999 |

ക്വട്ടേഷൻ നടപടികളിൽ ഉൾപ്പെടാത്ത ക്രമ നം 3.4 എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടതിന് ബാലൻസ് തുക വന്നതിനാലാണ് ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടാത്ത ഇനം വാങ്ങിയത് എന്നറിയിച്ചു.

3. പ്രൊജക്ടിന്റെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വൽ, സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗ രേഖ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## <u>1-18 യു.ബി.ഐ. ഹൗസിംഗ് അക്കൗണ്ട് പ്രവർത്തനരഹിതം</u>

ഗ്രാമപഞ്ചായത്തിന് യൂണിയൻ ബാങ്കിന്റെ പിറവം ബ്രാഞ്ചിൽ ജനകീയാസൂത്രണഭവനനിർമ്മാണപദ്ധതിക്കായി അക്കൗണ്ട് നം. 3067 പ്രകാരം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലവിലുണ്ടായിരുന്നു. വാർഷികധനകാര്യപത്രികയുടെ B17 ഷെഡ്യൂൾ പ്രകാരം നിലവിൽ ഈ അക്കൗണ്ടിൽ 264372/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ, ഇടപാടുകളില്ലാത്തതിനാൽ നിലവിൽ ടി അക്കൗണ്ട് പ്രവർത്തനരഹിതമാണ്. ആയതിനാൽ പാസ്ബുക്ക് പതിക്കുന്നതിനോ, ബാങ്ക് സ്റ്റേറ്റ്മെന്റ് അപ്ഡേറ്റ് ചെയ്യുന്നതിനോ സാധിക്കുന്നില്ല. ബാങ്ക് പലിശയും ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നില്ല. അക്കൗണ്ട് പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/15.03.2021) ആയതുമായി ബന്ധപ്പെട്ട് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് അക്കൗണ്ടിലെ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ, സർക്കാരിലേക്ക് തിരിച്ചടക്കേണ്ട തുകയാണെങ്കിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## <u>1-19 എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.</u>

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm Nominal Size & Aboveമെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ

കരാറുകാരന് തുക നൽകേണ്ടതുള്ളു. (Specification : 1- 27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ളൈ ചെയ്ത 40mm മെറ്റലിന്റെ അളവ് $M^3$ | അനുവദിച്ച തുക @1400/$M^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | വേളാർ കോളനി നടപ്പാതകളുടെ നിർമ്മാണം.(വാർഡ്1, ഭാഗം1) (ശ്രീ.അഭിലാഷ്.കെ.എൻ) | 39.51 | 55314 | 36.55 | 51170 | 4144/- | RC/278091 FTO-123044/ 2.7.19 – 381605/- |
| 2 | ഇളങ്ങൂർ മൊതേപ്പാടം ലീഡിംഗ് ചാനൽ നിർമ്മാണം. (വാർഡ്5) (ശ്രീ.അഭിലാഷ്.കെ.എൻ) | 11.25 | 15750 | 10.386 | 14540 | 1210/- | IC/321778 FTO – 614842/2.3.20 – 260494/- |
| 3 | സൊസൈറ്റിപ്പടി നടപ്പാത നിർമ്മാണം. (വാർഡ് 12) (ശ്രീ. ബേബി പോൾ) | 10.20 | 14280 | 9.435 | 13209 | 1071/- | RC/280914 FTO- 68775/5.5.20 – 98053/- |
| | ആകെ | | | | | 6425/- | |

അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ചെലവ് വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പൂർത്തീകരിക്കേണ്ട തീയതി | | | |
| 1 | കുന്നപ്പിള്ളിത്താഴം ഉള്ളേലിക്കുന്ന് ഫാം റോഡ് സൈഡ് പ്രൊട്ടക്ഷൻ റാമ്പ്. (114/19) ശ്രീ.സജി.ടി.ജേക്കബ്, പി.എ.സി-244508/- പ്രവൃത്തിമൂല്യം- 239303/- | 5.9.2018<br>180 ദിവസം<br>4.3.2019 | 9.5.2019 | 7335 (3%) | 30/ 24.7.2019-239303/- |
| 2 | പള്ളിത്താഴം കുന്നിത്താഴം റോഡ് സൈഡ് പ്രൊട്ടക്ഷൻ ഐറിഷ് ഡ്രെയിൻ.(86/19) ശ്രീ.ബേസിൽ.കെ.ഡേവിഡ് പി.എ.സി-332372/- പ്രവൃത്തിമൂല്യം- 331442/- | 14.2.2019<br>180 ദിവസം<br>13.8.2019 | 28.2.2020 | 14957 (4.5%) | 29/24.7.19 – 264806/- E Bill On 21.4.20 – 66636/- |
| | ആകെ | | | 22292 | |

പ്രസ്തുത പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസ്സം വന്നതിന് കരാറുകാൻ കാരണം ബോധിപ്പിക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/16.3.21) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട 22292/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(4) പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(5) പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ

അപാകതൾ

ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവെടുത്തിട്ടില്ല.

ടെണ്ടർ നടപടികൾ പ്രകാരം മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്ന പ്രവൃത്തികളിൽ കരാറുകാരൻ സപ്ലൈ ചെയ്യുന്ന സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ ബന്ധപ്പെട്ട അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിച്ച് സ്റ്റാക്ക് ചെയ്ത നൽകേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വം ആണെന്നിരിക്കെ ലഭ്യമായ സാധനങ്ങളുടെ അളവെടുത്ത് എം.ബുക്കിൽ രേഖപ്പെടുത്താതെ പേയ്മെന്റ് നടത്തിയത് ക്രമവിരുദ്ധമാണ്.

2. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പ്രവൃത്തികളുടെ പൂർണ്ണമായ വർക്ക് കംപ്ലീഷൻ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 ബോധവൽക്കരണ പ്രൊജക്ട് - നിർവ്വഹണ രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് | ക്യാൻസർ രഹിത എറണാകുളം |
| പ്രൊജക്ട് നം, അംഗീകാരം | S0199/20,<br>101/19, 3.7.2019, ഡി എം ഒ, ഹെൽത്ത് |
| അടങ്കൽ | പൊതുവിഭാഗം ഫണ്ട്-<br>50000/-രൂപ |
| ചെലവ് | 47450/- രൂപ<br>ബിൽ നം 19120352099401074252/13.01.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

ക്യാൻസർ രോഗം സംബന്ധിച്ച ബോധവൽക്കരണത്തിനായി വീഡിയോ പ്രദർശനം ആണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന് 27.11.19 ലെ A-1090/2019നം ക്വട്ടേഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ജിമാറ്റ് എന്റർപ്രൈസസിനെ പ്രൊജക്ട് നിർവ്വഹണത്തിന് തെരഞ്ഞെടുത്തു. 13 വാർഡുകളിൽ 13 ദിവസം വീഡിയോ പ്രദർശനം നടത്തിയതിന് 47450 രൂപ ചെലവ് വന്നിട്ടുണ്ട്(ജി മാറ്റിന് അനുവദിച്ച 39000 രൂപ, ഓപ്പറേറ്റർ വേതനം, ഇതര ചെലവുകൾ എന്നിവ ഉൾപ്പെടെ). പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രദർശനം നടന്ന ദിവസങ്ങൾ, വാർഡുകൾ എന്നിവയുടെ വിവരം ഫയലിൽ ലഭ്യമല്ല. പ്രൊജക്ട് നിർവ്വഹണത്തിന്റെ വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 8.3.2021 ൽ ഓഡിറ്റ് എൻക്വയറി (നം 2) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രൊജക്ട് നിർവ്വഹണരേഖകൾ ലഭ്യമല്ലാത്തതിനാൽ 47450 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി) ഒഴികെ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 തെരുവ് വിളക്ക് വാങ്ങൽ - 60912 രൂപ അധികം നൽകി.

| | |
|---|---|
| പ്രൊജക്റ്റ് | തെരുവ് വിളക്ക് വാങ്ങൽ |
| പ്രൊജക്റ്റ് നം, അംഗീകാരം | 1. സ്പിൽ ഓവർ S0126/20.<br>2. S0025/19,F/2020/18/DDP 03.05.2018, ഡി ഡി പി എറണാകുളം |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് -399312/- രൂപ |
| ചെലവ് | 399312/- രൂപ<br>ട്രഷറി ബിൽ നം 4/5.7.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിന് 2018-19 ൽ ആവിഷ്കരിച്ച പ്രൊജക്റ്റ് നടപ്പാക്കിയത് 2019-20 ൽ ആണ്. ടെണ്ടർ നടപടിയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യം | നം സി2-365/18/19/ 29.09.2018 |
| കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ | കെ വി സ്കറിയ |
| കമ്മറ്റി തീരുമാനം | 05.11.2018 ലെ 1(1) |
| എഗ്രിമെന്റ് നം/ തീയതി | നം ഇല്ല/22.11.2018 |
| അംഗീകരിച്ച നിരക്ക് | 15 Watt LED – 2600/-<br>30 Watt LED - 3200/- |

126 ബൾബുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന് കരാറുകാരൻ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ (ബിൽ നം/ തീയതി ഇല്ല) താഴെ പറയും പ്രകാരം 399312/- രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | 15 Watt LED | 108 | 280800 (2600X108) |

| | | | |
|---|---|---|---|
| 2 | 30 Watt LED | 18 | 57600 (3200X18) |
| 3 | ജി എസ് റ്റി | 18% | 60912 |
| ആകെ | | | 399312 |

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1) 17.03.2021 ൽ ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

ജി.എസ്.റ്റി., മറ്റു നികുതികൾ, ചെലവുകൾ എന്നിവ ഉൾപ്പെടുന്ന തുകയാണ് രേഖപ്പെടുത്തേണ്ടതെന്ന് ടെണ്ടർ നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് കൂടാതെ കരാറുകാരനുമായി ഒപ്പ് വെച്ച എഗ്രിമെന്റിലും നികുതികൾ ഉൾപ്പെടെയുള്ള തുകയാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം തുക നൽകിയപ്പോൾ 60912/- രൂപ ജി എസ് റ്റി ഇനത്തിൽ നൽകിയിട്ടുള്ളതായി കാണുന്നു. അധിക തുക നൽകിയത് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അധിക തുക നൽകിയത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചു.

## 3-2 എം.ജി.എൻ.ആർ.ഇ.ജി.എസ്- ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm Nominal Size & Above മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ലൈ ചെയ്ത 40mm മെറ്റലിന്റെ അളവ് $M^3$ | അനുവദിച്ച തുക @1400/$M^3$ | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | വേളാർ കോളനി നടപ്പാതകളുടെ നിർമ്മാണം. (വാർഡ്1, ഭാഗം1) (ശ്രീ.അഭിലാഷ്. കെ.എൻ) | 39.51 | 55314 | 36.55 | 51170 | 4144 | RC/278091 FTO-123044/ 2.7.19 – 381605/- |
| 2 | ഇളങ്ങൂർ മൊതേപ്പാടം ലീഡിംഗ് ചാനൽ നിർമ്മാണം. (വാർഡ്5) (ശ്രീ.അഭിലാഷ്. കെ.എൻ) | 11.25 | 15750 | 10.386 | 14540 | 1210 | IC/321778 FTO – 614842/ 2.3.20 – 260494/- |
| 3 | സൊസൈറ്റിപ്പടി നടപ്പാത നിർമ്മാണം. (വാർഡ് 12) (ശ്രീ. ബേബി പോൾ) | 10.20 | 14280 | 9.435 | 13209 | 1071 | RC/280914 FTO- 68775/5.5.20 – 98053/- |
| | ആകെ | | | | | 6425 | |

അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 83606 | നെൽകൃഷി വികസനം | 83606 | 0 |
| | | 63300 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 63300 | 0 |
| | 2018-19 | 5110583 | അമ്പലംപടിക്കുളം സംരക്ഷണം | 3171675 | 1938908 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2018-19 | 150000 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ | 111078 | 38922 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഇളങ്ങൂർത്തടം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 28/ 17.03.2020 | 675900 | 0 | 675900 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1158000/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ കെയുആർഡിഎഫ്സി | സ.ഉ.(കൈ) നം.68/2018/ ത.സ്വ.ഭ.വ. /18.05.2018, സ.ഉ.(കൈ) നം.111 /2018/ ത.സ്വ.ഭ.വ. / 13.08.2018 | 1510000 | 1510000 | 323530 | 0 | 1186470 |
| ലൈഫ് ഭവന വായ്പ കെയുആർഡിഎഫ്സി | സ.ഉ.(കൈ) നം.68/2018/ ത.സ്വ.ഭ.വ. /18.05.2018, സ.ഉ.(കൈ) നം.111 /2018/ ത.സ്വ.ഭ.വ. / 13.08.2018 | 1158000 | 0 | 0 | 0 | 1158000 |

* 1510000 രൂപ 2018-19 വർഷത്തിലും 1158000 രൂപ 2019-20 ലും വരവുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3595/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-5 | 350 | എൻ.സുരേഷ് | 119020100389/ 27.05.2019 |
| 2018-19 | ഓഡിറ്റ് സമയത്ത് ഈടാക്കി | 3245 | കെ.രാമൻ നായർ, കൊച്ചുപറമ്പിൽ | 119020103817/ 25.11.2019 |
| ആകെ | | 3595 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 2006-07 | 3-47-1 | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | മറുപടി നൽകിയിട്ടുണ്ട് |
| 2013-14 | 2-1 | 2016-17 | അധ്യായം | തൊഴിൽനികുതി | മറുപടി |

| | | | | |
|---|---|---|---|---|
| & 2014-15 | | 2 | | നൽകിയിട്ടുണ്ട് |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,81,09,283 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,77,09,867 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 67,337 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 47,450 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 60912 | സിന്ധു വി., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 47450/- | ഡോ മായാദേവി,<br>മെഡിക്കൽ ഓഫീസർ<br>സി എച്ച് സി രാമമംഗലം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6425 | സെബിമോൾ വർഗ്ഗീസ്,<br>എ ഇ, എൻ ആർ ഇ ജി എസ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി സിന്ധു വി, ഫ്ലാറ്റ് നം B4, ഡയമണ്ട് ടവർ, പെരുമാനൂർ പി ഒ, തേവര | സെക്രട്ടറി, രാമമംഗലം ഗ്രാമ പഞ്ചായത്ത് | ഫ്ലാറ്റ് നം B4, ഡയമണ്ട് ടവർ, പെരുമാനൂർ പി ഒ, തേവര |
| സെബിമോൾ വർഗ്ഗീസ്, എ ഇ, എൻ ആർ ഇ ജി എസ് | എ ഇ എൻ.ആർ.ഇ.ജി.എസ് രാമമംഗലം | പുത്തൻപുരയിൽ ഹൗസ്, വരിക്കോലി പി ഒ |
| ഡോ.മായാദേവി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. രാമമംഗലം | മെഡിക്കൽ ഓഫീസർ , സി എച്ച് സി രാമമംഗലം | ഉഷസ്, ജെട്ടി റോഡ് ,കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗീകമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(1)/2019/5.8.2019 | 11 |
| 2 | 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(2)/2019/5.8.2019 | 17 |
| 3 | 1998-99 | എൽ.എഫ്.ഇ.(പി.3) 1161/2000/23.3.2001 | 40 |
| 4 | 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(4)/2019/5.8.2019 | 3 |
| 5 | 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(5)/2019/5.8.2019 | 3 |
| 6 | 2008-09,2009-10,2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(6)/2019/5.8.2019 | 12 |
| 7 | 2011-12,2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(7)/2019/5.8.2019 | 10 |
| 8 | 2013-14,2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.9)1557(8)/2019/5.8.2019 | 1 |
| 9 | 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2045/2016 | 8 |
| 10 | 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.9)1485/2017/11.09.2017 | 10 |
| 11 | 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1610/2018 | 10 |
| 12 | 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.9)004/2020/3.2.2020 | 9 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്